LEGISLATIVE ASSEMBLY OF KERALA

506(2) എന്നീ വകുപ്പുകൾ പ്രകാരം ക്രൈം 56/2011 ആയി ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ കേസ്സ് തെഞ്ഞിപ്പലം എസ്.ഐ. അന്വേഷിച്ചുവരികയാണ്. ഇതിൽ റിയാസ് മുക്കോളി, കള്ളിയിൽ അസീസ്, ഉമ്മർഫറൂഖ്, സിയാസ് കള്ളിയിൽ, കിരൺ എന്നീ പ്രതികളെയാണ് തിരിച്ചറിഞ്ഞിട്ടുള്ളത്. റിയാസ് മുക്കോളി ഒളിവിൽ പോകുകയും മറ്റുള്ള നാലുപേർ മഞ്ചേരി സെഷൻസ് കോടതി മുമ്പാകെ മുൻകൂർ ജാമ്യത്തിന് അപേക്ഷ കൊടുക്കുകയും ചെയ്തു. അങ്ങനെ അപേക്ഷ കൊടുത്തതിന്റെ അടിസ്ഥാനത്തിൽ ഇവരെ അറസ്റ്റ് ചെയ്യരുതെന്ന് കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതുകൊണ്ട് ഈ കേസ്സിൽ നിയമാനുസൃതമായി ചെയ്യാൻ സാധിക്കുന്ന നടപടികളെല്ലാം സ്വീകരിക്കാൻ പോലീസിന് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

(അദ്ധ്യക്ഷവേദിയിൽ ബഹുമാനപ്പെട്ട സ്പീക്കർ)

(13) യുനാനി ഹക്കീമുമാർക്ക് രജിസ്ട്രേഷൻ

<u>ശ്രീ. പി. എം. എ. സലാം:</u> സർ, കേരളത്തിലെ ആരോഗ്യമേഖലയിൽ ചികിത്സാ രംഗത്ത് ദീർഘകാലമായി പ്രവർത്തിക്കുന്ന പാരമ്പര്യ വൈദ്യന്മാർക്ക് ചില ഇളവുകൾ അനുവദിച്ചിട്ടുണ്ട്. മലബാർ മേഖലയിലെ പാരമ്പര്യ ആയുർവ്വേദ വൈദ്യന്മാർക്കും ഹോമിയോപ്പതി പ്രാക്ടീഷണർമാർക്കും തിരുവിതാംകൂർ കൊച്ചിൻ മേഖലയിലെ പാരമ്പര്യ-സിദ്ധ വൈദ്യന്മാർക്കും പ്രാക്ടീസ് തുടരുന്നതിന് അനുമതി നൽകുകയും രജിസ്ട്രേഷനിൽ നിന്ന് ഒഴിവാക്കി കൊണ്ട് ഉത്തരവുണ്ടാകുകയും ചെയ്തു. അതുപോലെ തന്നെ അട്ടപ്പാടിയിലെ ആദിവാസി ചികിത്സകർക്കും നമ്മുടെ സംസ്ഥാനം അംഗീകാരം നൽകിയിട്ടുണ്ട്. പാരമ്പര്യ-സിദ്ധ വൈദ്യന്മാർക്ക് പ്രാക്ടീസ് തുടരാൻ അനുമതി ലഭ്യമായിട്ടുണ്ട്. അടുത്തകാലത്ത് യോഗ-പ്രകൃതി ചികിത്സകർക്കും ആനുകൂല്യം നൽകിയിട്ടുണ്ട്. ആധുനിക യുഗത്തിലെ വളരെയേറെ പ്രസക്തിയുള്ള യുനാനി ചികിത്സാ രീതികൾ നടത്തുന്ന ആളുകൾക്കും, പാരമ്പര്യമായി സുദീർഘകാലമായി ഈ മേഖലയിൽ ചികിത്സാ രംഗത്തുള്ള ആളുകൾക്കും ഈ ആനുകൂല്യം നൽകണമെന്നുള്ളതാണ് എന്റെ സബ്മിഷൻ.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായ വകുപ്പുമന്ത്രി <u>(ശ്രീ. എളമരം കരീം):</u> സർ, പാരമ്പര്യ മേഖലയിലെ യുനാനി ചികിത്സ നടത്തുന്ന ഹക്കിമുമാർക്ക് പ്രത്യേക രജിസ്ട്രേഷൻ നൽകുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

(14) സുപ്രീം കോടതി ജഡ്ജിമാരെ അധിക്ഷേപിച്ച സംഭവം

<u>ശ്രീ. എം. ചന്ദ്രൻ:</u> സർ, ഇടമലയാർ കേസിൽ മുൻ മന്ത്രി ആർ. ബാലകൃഷ്ണ പിള്ളയേയും മറ്റ് രണ്ടുപേരേയും ഓരോ വർഷം വീതം കഠിനതടവിനും 10,000 രൂപ വീതം പിഴ അടയ്ക്കുന്നതിനും സുപ്രീംകോടതി ശിക്ഷിക്കുകയുണ്ടായി. ഈ വിധിയെ തള്ളിപ്പറഞ്ഞുകൊണ്ടാണ് ശിക്ഷിക്കപ്പെട്ട കുറ്റവാളിയായ ബാലകൃഷ്ണപിള്ളയ്ക്ക് കൊട്ടാരക്കരയിൽ വച്ച് യു.ഡി.എഫ്. സ്വീകരണം നൽകിയത്. ഈ സ്വീകരണ യോഗത്തിൽ 3 എം. പി.-മാരും ഒരു